(ബി) നിയമനം പി.എസ്.സി.-ക്ക് വിട്ടശേഷവും ചില ബാങ്കുകളിൽ നിയമവിരുദ്ധ നിയമനം നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സഹകരണ വിജിലൻസ് വിഭാഗം അന്വേഷണം നടത്തുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) വിജിലൻസ് അന്വേഷണം നടത്തിയതിൽ അഞ്ച് ജില്ലാ സഹകരണ ബാങ്കുകളിലെ ക്രമക്കേടുകൾ സംബന്ധിച്ച് ഒരു ഇടക്കാല റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ ജില്ലാ സഹകരണ ബാങ്കുകളിലേയും അന്വേഷണ നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ഊർജ്ജിത നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) അന്വേഷണ റിപ്പോർട്ട് ലഭിച്ചതിനുശേഷം പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയെടുത്തവർക്ക് പ്രത്യേക ആനുകൂല്യം

***(2288)** <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയെടുത്തവർക്ക് പ്രത്യേക ആനുകൂല്യമെന്തെങ്കിലും പ്രഖ്യാപിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) ഇതിനായി അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ടോ ;

(സി) പ്രകൃതി ദുരന്തങ്ങളിൽ വീട് നഷ്ടപ്പെടുകയോ കാർഷിക വിളകൾക്ക് നാശനഷ്ടമുണ്ടാവുകയോ ചെയ്ത വായ്പക്കാർക്ക് എന്തെങ്കിലും ഇളവുകൾ നല്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയെടുത്തവർക്ക് താഴെപ്പറയുന്ന ആനുകൂല്യങ്ങൾ നൽകിവരുന്നു.

1. 2 ഏക്കർ വരെ കൃഷിഭൂമിയുള്ള കർഷകർ എടുക്കുന്ന 25,000 രൂപ വരെയുള്ള കാർഷിക വായ്പ കൃത്യമായി തിരിച്ചടയ്ക്കുമ്പോൾ മുതൽ തുകയുടെ 5 ശതമാനം പ്രോത്സാഹനമായി അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്.

2. കൃത്യമായി വായ്പ അടയ്ക്കുന്ന വായ്പക്കാർക്ക് അവർ അടയ്ക്കുന്ന പലിശയിൽ 5 ശതമാനം ഇളവ് നൽകുന്ന പദ്ധതി 2009-10 മുതൽ നടപ്പിലാക്കിയിട്ടുണ്ട്.

3. ഹ്രസ്വകാല കാർഷികവിള വായ്പകൾ 7 ശതമാനം പലിശ നിരക്കിലാണ് വിതരണം ചെയ്യുന്നത്. കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്ക് 2 ശതമാനം പലിശയിളവ്

LIBRARY ARCHIVES Kerala Legislative Assembly

അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്. കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന കർഷകന് ഹ്രസ്വകാല കാർഷികവിള വായ്പകൾക്ക് 5 ശതമാനം പലിശയായി നിജപ്പെടുത്തിയിട്ടുണ്ട്.

4. ഫെബ്രുവരി മാസത്തിൽ സംഘടിപ്പിക്കുന്ന കുടിശ്ശിക നിവാരണം ശതമാനം കേരളീയം കാമ്പയിനിന്റെ ഭാഗമായി ഡിസംബർ 31-ൽ പൂർണ്ണമായും കുടിശ്ശികയായ വായ്പക്കാർക്ക് അവർ എടുത്ത വായ്പയുടെ പലിശ മുതലിനെ അധികരിക്കാതെ മുതലിനോടൊപ്പം കൂട്ടി 10 ശതമാനം മുതൽ 15 ശതമാനം വരെ എസ്റ്റാബ്ലിഷ്മെന്റ് ചാർജ് കൂടി ഈടാക്കി പിഴപ്പലിശ, നോട്ടീസ് ചാർജ്ജ് മറ്റ് ചെലവുകൾ എന്നിവ ഒഴിവാക്കി ഇളവുകളോടെ അടച്ച് തീർക്കുന്ന പദ്ധതി നിലവിലുണ്ട്.

5. നെൽകൃഷിക്ക് പലിശ രഹിത വായ്പാ പദ്ധതി നടപ്പാക്കിവരുന്നു. ഇത് പാടശേഖര സമിതികൾക്ക് കൂടി ബാധകമാക്കിയിട്ടുണ്ട്. ഇതിലൂടെ സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും കർഷകർ നെൽകൃഷിക്കായി എടുക്കുന്ന വായ്പയുടെ പലിശ ബാദ്ധ്യത സർക്കാർ വഹിക്കുന്നു.

6. സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും ദാരിദ്രരേഖയ്ക്ക് താഴെയുള്ളവർ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർ എന്നിവർക്ക് സാധാരണ നിരക്കിനേക്കാൾ കുറഞ്ഞ പലിശ നിരക്കിൽ വായ്പ വിതരണം ചെയ്തു വരുന്നു.

(ബി) കുടിശ്ശിക നിവാരണം ശതശതമാനം കേരളീയം കാമ്പയിനിന്റെ ഭാഗമായി ഓരോ സംഘത്തിലും കുടിശ്ശികക്കാരുടെ അദാലത്തുകൾ/യോഗങ്ങൾ ആവശ്യമാണെങ്കിൽ സംഘടിപ്പിക്കാവുന്നതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത അദാലത്തിൽ പരമാവധി ഇളവുകൾ നൽകി കുടിശ്ശിക വായ്പകൾ, മരണമടഞ്ഞവരുടെ പേരിലുള്ള വായ്പകൾ, മാരകരോഗം ബാധിച്ചവരുടെ വായ്പകൾ എന്നിവ ബാദ്ധ്യതാ വിമുക്തമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പ്രത്യേക അദാലത്തുകൾ സംഘടിപ്പിച്ച് ആർബിട്രേഷൻ/എക്സിക്യൂഷൻ നടപടികൾ തുടരുന്ന കേസുകൾ തീർപ്പാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കാർഷിക വായ്പകൾക്ക് വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ വിളനാശം സംഭവിച്ച കർഷകരുടെ വായ്പകൾക്ക് പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതാണ്. മറ്റ് ഇളവുകൾ നൽകുന്ന പൊതുവായ പദ്ധതികൾ ഒന്നും തന്നെ നിലവിലില്ല. വിളനാശങ്ങളുടെ ഗൗരവം കണക്കിലെടുത്ത് ഇളവുകൾ/ ആനുകൂല്യങ്ങൾ നൽകുന്നത് സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ തീരുമാനം കൈക്കൊള്ളാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly